(സി) ലാബ് അസിസ്റ്റന്റ് ആയി ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അംഗീകാരം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) അപ്രൂവൽ തിയതിയിൽ മാറ്റം വരുത്തുമ്പോൾ പ്രായപരിധി കഴിഞ്ഞവരുടെ കാര്യത്തിൽ പ്രത്യേക ഇളവ് അനുവദിച്ചുനൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളിൽ 818-ഉം എയിഡഡ് സ്കൂളുകളിൽ 1066-ഉം ഉൾപ്പെടെ ആകെ 1884 ലാബ് അസിസ്റ്റന്റ് തസ്തികകളാണ് നിലവിലുള്ളത്.

(ബി) ലാബ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഗവ. ഉത്തരവിന്റെ തീയതി മുതലാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(സി) ലാബ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവിന്റെ തീയതി മുതലേ തസ്തികകൾ നിലവിൽ വരുന്നുള്ളൂ. ഈ ഉത്തരവുകൾക്ക് മുൻകാല പ്രാബല്യമില്ല എന്നിരിക്കെ തസ്തിക സൃഷ്ടിക്കപ്പെട്ട തീയതി മുതലുള്ള നിയമനങ്ങൾക്കേ അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂ.

(ഡി) സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്കു വിധേയമായി നടത്തുന്ന നിയമനങ്ങൾക്ക് ഏതെങ്കിലും രീതിയിലുള്ള ഇളവുകൾ നൽകുന്നത് നല്ല കീഴ്വഴക്കമല്ലാത്തതിനാൽ ഇത് പ്രായോഗികമല്ല.

സ്കൂൾ കുട്ടികൾക്ക് ആഘോഷവേളകളിൽ അരി വിതരണം

115 [667] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് ഇക്കഴിഞ്ഞ ക്രിസ്തുമസിനുമുൻപ് അരി വിതരണം നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ;

(സി) സ്കൂൾ അധികൃതരുടെ അനാസ്ഥ കൊണ്ടാണോ അതോ പൊതുവിതരണ വകുപ്പിന്റെ അനാസ്ഥ കൊണ്ടാണോ അരി വിതരണം ചെയ്യാൻ കഴിയാത്തതെന്ന് വിശദമാക്കാമോ;

(ഡി) ക്രിസ്തുമസ് കഴിഞ്ഞിട്ട് ഇനിയും അരി വിതരണം നടക്കാത്ത സ്ഥാപനങ്ങളുണ്ടോ;

(ഇ) ഇപ്രകാരമുള്ള ആഘോഷ വേളകളിൽ സ്കൂളുകൾ അടയ്ക്കുന്നതിനു മുൻപ്തന്നെ അരിവിതരണം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ;

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) അരി വിതരണം നടക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്വകാര്യ വ്യക്തികളുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ കെട്ടിടവാടക

116 [668] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ കെട്ടിടവാടക സർക്കാർ കൃത്യമായി നൽകിവരുന്നുണ്ടോ;

(ബി) കുന്ദമംഗലം മണ്ഡലത്തിലെ പയ്യടിമേത്തൽ ജി. എൽ. പി. എസ്.-ന്റെ കെട്ടിടവാടക ഏതുമാസം വരെയുള്ളതാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) വാടക കുടിശ്ശിക നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കുടിശ്ശിക എന്ന് കൊടുത്തുതീർക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വാടക നൽകിവരുന്നുണ്ട്.

(ബി) 30-6-2000-വരെ നൽകിയിട്ടുണ്ട്.

(സി) ആവശ്യമുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് നൽകാത്തത്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കഴിവതും പെട്ടെന്ന് കൊടുത്തുതീർക്കും.

വിദ്യാഭ്യാസ ഓഫീസുകളിലെ എ. ഡി. ബി. സന്ദർശനം

117 [669] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി. ഉദ്യോഗസ്ഥൻമാർ സംസ്ഥാനത്തെ ഏതെങ്കിലും വിദ്യാഭ്യാസ ഓഫീസുകളിൽ പരിശോധനയ്ക്ക് എത്തുകയോ അവിടുത്തെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാഭ്യാസ ഓഫീസുകളിലാണ് ഇത്തരം പരിശോധനകളും ചർച്ചകളും നടത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly